# ജ്ഞാനികളായി നടപ്പീൻ

## എഫെസ്യർ 5:14-15

**"അതുകൊണ്ടു: "ഉറങ്ങുന്നവനേ, ഉണർന്നു മരിച്ചവരുടെ ഇടയിൽനിന്നു എഴുന്നേൽക്ക; എന്നാൽ ക്രിസ്തു നിന്റെമേൽ പ്രകാശിക്കും" എന്നു ചൊല്ലുന്നു. ആകയാൽ സൂക്ഷ്മത്തോടെ, അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ.."**

അപ്പോസ്തൊലനായ പൗലോസ് ഇതിന്റ തുടക്കത്തിൽ പ്രബോധിപ്പിക്കുന്നത് നമ്മൾ എങ്ങനെ പ്രിയ മക്കളായി നടക്കണം എന്നാണ്. നമ്മുടെ ജീവിതത്തിൽ ചിലതു നമ്മൾ ഉപേക്ഷിക്കണമെന്നും, ദുഷ്പ്രവർത്തികൾക്ക് കൂട്ടു നില്ക്കാതെ അവയെ ശാസിക്കുന്നതിന്റെ ആവശ്യകതയെകുറിച്ചും പ്രതിപാദിക്കുന്നു. അതു കൊണ്ടു ഉറങ്ങുന്നവരെ ഉണർന്നു മരിച്ചവരെ പോലെ ജീവിക്കുന്നവരുടെ ലോകത്തിൽ മരിച്ചു ജീവിക്കുവാനല്ല, പിന്നയോ ജ്ഞാനികളായി നടക്കുന്നതിന്റെ ആവശ്യകതയെ കുറിച്ചാണ് നാം ഇന്ന് ചിന്തിക്കുന്നത്.

നമ്മുടെ നടപ്പിനെ കുറിച്ചുള്ള മൂന്നു ഉപദേശങ്ങൾ പൗലോസിലൂടെ ദൈവം നമ്മളെ പഠിപ്പിക്കുന്നു.

1. വിളിച്ച വിളിക്കു യോഗ്യമായി നടപ്പീൻ
2. സ്നേഹത്തിൽ നടപ്പീൻ
3. വെളിച്ചത്തിൽ നടപ്പീൻ

പ്രിയമുള്ളവരേ, നമ്മൾ ഓരോരുത്തരും സൂഷ്മതയോടെ അജ്ഞാനികളായിട്ടല്ല ജ്ഞാനികളായി നടപ്പാൻ ശ്രമിപ്പീൻ. ഒരു ദൈവ പൈതലിന്റെ നടപ്പ് ശരിയാകുവാൻ ദൈവവചനം പരിശോധിക്കേണ്ടതുണ്ട്. ദൈവം യോശുവയോട് പറഞ്ഞത് പോലെ 'എന്റെ ദാസനായ മോശെ നിന്നോടു കല്പിച്ചിട്ടുള്ള ന്യായപ്രമാണമൊക്കെയും അനുസരിച്ചു നടക്കേണ്ടതിന്നു നല്ല ഉറപ്പും ധൈര്യവും ഉള്ളവനായി മാത്രം ഇരിക്ക; ചെല്ലുന്നേടത്തൊക്കെയും നീ ശുഭമായിരിക്കേണ്ടതിന്നു അതു വിട്ടു ഇടത്തോട്ടോ വലത്തോട്ടോ മാറരുതു. **യോശുവ 1:7**

ജ്ഞാനത്തിൽ ജീവിക്കുന്നതിനെ കുറിച്ച് **മത്തായി 7:24** ഇപ്രകാരം കാണുന്നു

ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. അതുകൊണ്ട് ക്രിസ്ത്യാനികളായ നാം എങ്ങനെ നടക്കുന്നു എന്നും ആരോട് കൂടെ നടക്കുന്നു എന്നും ശ്രദ്ധിക്കണം.

1. ലോകത്തെ അനുസരിച്ചു നടക്കരുത്. ലോകത്തെ അനുസരിച്ചു നടക്കുന്നവർ നഷ്ടപ്പെട്ടവരാണ്. അവർ താത്കാലിക ലോകത്തിൽ ഉള്ളവരാണ്.
2. നാം സാത്താനെ അനുസരിച്ചു നടക്കരു, സാത്താനുമായി സഖ്യത പുലർത്തുന്നവർ നഷ്ടപ്പെട്ട ആത്മാക്കളാണ്.
3. ജഡമോഹത്തിന് അനുസരിച്ചു നടക്കരുത്. നഷ്ടപ്പെട്ട വ്യക്തികൾ തങ്ങളുടെ ഇച്ഛക്കനുസരിച്ചാണ് ജീവിക്കുന്നത് അല്ലാതെ ദൈവം ആഗ്രഹിക്കുന്നത് പോലെയല്ല.
4. കോപത്തിന്റെ മക്കളായി നടക്കരുത്. മാനുഷികമായ, പാപമുള്ള സ്വഭാവത്തിൽ ജീവിച്ചു ദൈവ കോപത്തിന് ഇരയായി തീരരുത്. റോമർ 1:18 ഇപ്രകാരം കാണുന്നു അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽനിന്നു വെളിപ്പെടുന്നു.

അതുകൊണ്ട് യോഗ്യമായിവേണം നാം നടക്കാൻ. നമ്മളൊരുത്തരും വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാംവണ്ണം പൂർണ്ണവിനയത്തോടും, സൗമ്യതയോടും, ദീർഘക്ഷമയോടും കൂടെ നടക്കുക.

1 പത്രൊസ് 2:21 “അതിന്നായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നതു. ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു.”

1 പത്രൊസ് 3:9 “ദോഷത്തിന്നു ദോഷവും ശകാരത്തിന്നു ശകാരവും പകരം ചെയ്യാതെ നിങ്ങൾ അനുഗ്രഹം അനുഭവിക്കേണ്ടതിന്നു വിളിക്കപ്പെട്ടതുകൊണ്ടു അനുഗ്രഹിക്കുന്നവരായിരിപ്പിൻ.”

ദൈവം സ്നേഹമാണ് മത്തായി 22:37 ഇപ്രകാരം വായിക്കുന്നു “നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടുംകൂടെ സ്നേഹിക്കേണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന രണ്ടാമത്തേതു അതിനോടു സമം: കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം.”

വെളിച്ചത്തിന്റെ ഫലമോ കർത്താവിന്നു പ്രസാദമായതു എന്തെന്നു പരിശോധിച്ചുകൊണ്ടു വെളിച്ചത്തിലുള്ളവരായി നടന്നുകൊൾവിൻ. സകലസൽഗുണവും നീതിയും സത്യവുമല്ലോ വെളിച്ചത്തിന്റെ ഫലം എന്ന് വചനം ഓർമിപ്പിക്കുന്നു.

പ്രിയ ദൈവജനമേ, സമയം പരിമിതമാണ്, എന്നാൽ നന്മ ചെയ്യുവാനുള്ള അവസരം വളരെ ആണ്. അതു കൊണ്ടു ജ്ഞാനത്തിൽ ശ്രദ്ധയോടെ നടക്കുവാൻ ദൈവേഷ്ടം മനസിലാക്കി അവന്റെ ആത്മവിനാൽ നിറയണം. ലോകത്തിൽ നാം ആയിരിക്കുമ്പോൾ അജ്ഞാനികളായിട്ടല്ല, ജ്ഞാനികളായി നടപ്പാൻ ദൈവം നമ്മെ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**പരാമർശം:**

യോഹന്നാൻ 9:4

എന്നെ അയച്ചവന്റെ പ്രവൃത്തി പകൽ ഉള്ളേടത്തോളം നാം ചെയ്യേണ്ടതാകുന്നു; ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു;

**സിസ്റ്റർ അനു റ്റോബി ചെങ്ങന്നൂർ 013**